# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

**അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം** -695 003
**ഫോൺ:** 0471 2727378,0471 2727379email: obcdirectorate @gmail.com

---

BCDIR/B3/31/2019 തീയതി: 27/ 04/2019

## വിജ്ഞാപനം

**വിഷയം:- പിന്നാക്ക വിഭാഗ വികസനം - പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള തൊഴിൽ നവീകരണ ഗ്രാൻറ് 2019-20**

സൂചന : സ.ഉ (കൈ) നമ്പർ. 03/2019/പി.വി.വി.വ, തീയതി:08/02/2019.

**********

സംസ്ഥാനത്ത് പരമ്പരാഗതമായി ബാർബർ തൊഴിൽ ചെയ്തു വരുന്ന പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് തൊഴിൽ നവീകരണത്തിന് ധനസഹായം നൽകുന്ന ***"ബാർബർ ഷോപ്പ് നവീകരണത്തിനുള്ള ധനസഹായം"*** എന്ന പദ്ധതിക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ സംസ്ഥാനത്തെ പിന്നാക്ക സമുദായ ലിസ്റ്റിൽ ഉൾപ്പെട്ടവരും പരമ്പരാഗത ബാർബർതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായിരിക്കണം.

***മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.***

- അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കരുത്.
- അപേക്ഷകർക്കുള്ള പരമാവധി ഗ്രാൻറ്25000/- രൂപ ആയിരിക്കും.
- അപേക്ഷ സമർപ്പിക്കുന്നതിനുള്ള പരമാവധി പ്രായ പരിധി അറുപത് വയസ്സ് ആണ്.
- ഇതേ പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവരോ, അവരുടെ കുടുംബാംഗങ്ങളോ അപേക്ഷിക്കേണ്ടതില്ല.
- ഗ്രാമ പ്രദേശങ്ങളിൽ ബാർബർ ഷോപ്പ് നടത്തുന്നവർക്ക് മാത്രം ആനുകൂല്യം അനുവദിക്കുന്നതാണ്.
- അപേക്ഷാ ഫാറം www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
- പാസ്പോർട്ട് വലുപ്പത്തിലുള്ള ഫോട്ടോ പതിച്ച പൂരിപ്പിച്ച അപേക്ഷയും, അനുബന്ധ രേഖകളും സ്ഥാപനം പ്രവർത്തിക്കുന്ന സ്ഥലത്തെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് 31.05.2019 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.
- അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ചുവടെ ചേർക്കുന്നു.

ജാതി സർട്ടിഫിക്കറ്റ് ,വരുമാന സർട്ടിഫിക്കറ്റ് ,തൊഴിൽ പരിചയസർട്ടിഫിക്കറ്റ് (ഗ്രാമ പഞ്ചായത്തു പ്രസിഡന്റിൽ നിന്നോ സെക്രട്ടറിയിൽ നിന്നോ വാങ്ങാവുന്നതാണ്), റേഷൻ കാർഡിന്റെ പകർപ്പ്, സ്ഥാപനത്തിന്റെ ഉൾഭാഗം വ്യക്തമായി കാണുന്ന വിധത്തിലുള്ള നിലവിലെ ഫോട്ടോ, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡിന്റെപകർപ്പ്, കടയുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെ / വാടക ചീട്ടിന്റെ പകർപ്പ്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസിന്റെ പകർപ്പ്, അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്

(മറുപുറം)

## അപേക്ഷയിന്മേൽ ഗ്രാമപഞ്ചായത്ത്അധികൃതർ സ്വീകരിക്കേണ്ട നടപടികൾ

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് അപേക്ഷാ ഫോമിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം അർഹമായ മാർക്ക് നൽകി ആകെ ലഭ്യമായഅപേക്ഷകരുടെ മുൻഗണനാക്രമംനിശ്ചയിച്ചതിനു ശേഷംഗ്രാമ പഞ്ചായത്ത് ക്ഷേമ കാര്യ സ്റ്റാന്റിംങ്ങ് കമ്മിറ്റിയിൽ ടി പട്ടികഅംഗീകാര വിധേയമാക്കി പട്ടികയും അപേക്ഷകളുംഗ്രാമ പഞ്ചായത്തുമുഖേന പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖല ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ലഭ്യമാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ മുൻഗണനാ പട്ടിക അനുസരിച്ചായിരിക്കും ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുകയെന്നതിനാൽ പരമാവധി കൃത്യമായി പട്ടിക തയ്യാറാക്കി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകളിൽ അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതി 2019മെയ്31ആണ് .

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ അപേക്ഷകളും മുൻഗണനാ പട്ടികകളും പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് 2019ജൂൺ 10 നകം ലഭ്യമാക്കേണ്ടതാണ്.**തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള അപേക്ഷകളും പട്ടികകളും മേഖലാ ഡെപ്യൂട്ടി ഡയറക്ടർ,പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ , കാക്കനാട് എറണാകുളം, -682 030, ഫോൺ:0484 –2983130എന്ന വിലാസത്തിലും തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള അപേക്ഷകളും പട്ടികകളും മേഖലാ ഡെപ്യൂട്ടി ഡയറക്ടർ പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട് – 673020 ഫോൺ: 0495 – 2377786 എന്ന വിലാസത്തിലും അയക്കേണ്ടതാണ്**

(ഒപ്പ്)

**ഡയറക്ടർ**
**പിന്നാക്ക വിഭാഗ വികസന വകുപ്പ്**

പകർപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, പി.വി.വി.വ (ഉപരിപത്രം സഹിതം)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് (ഉപരിപത്രം സഹിതം)
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ , പി.വി.വി.വ – എറണാകുളം/കോഴിക്കോട്
ഐ.ടി ഡിവിഷൻ കോർഡിനേറ്റർ - പി.വി.വി.വ (വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
നോട്ടീസ് ബോർഡ്
കരുതൽ/അധികം

BCDIR/B3/31/19

ഫോട്ടോ

# കേരള സർക്കാർ
## പിന്നാക്ക വിഭാഗ വികസന വകുപ്പ്

**ബാർബർ തൊഴിലാളികൾക്ക് തൊഴിൽ നവീകരണ ഗ്രാൻറ് അപേക്ഷാ ഫാറം2019 - 2020**

| | | | | |
|---|---|---|---|---|
| 1 | അപേക്ഷകന്റെ പേര് | | | |
| 2 | അച്ഛൻ/അമ്മയുടെ പേര് | | | |
| 3 | a) സ്ഥിരംമേൽവിലാസം<br><br>ഫോൺ നമ്പർ : | b) ഇപ്പോഴത്തെ മേൽവിലാസം<br><br>ഫോൺ നമ്പർ : | | |
| 4 | വയസ്സ്/ജനനതീയതി | | | |
| 5 | (a) ജാതി (b) മതം | a) | b) | |
| 6 | കുടുംബ വാർഷിക വരുമാനം | | | |
| 7 | ഇലക്ഷൻ തിരിച്ചറിയൽ കാർഡ്നമ്പർ | | | |
| 8 | ആധാർ നമ്പർ | | | |
| 9 | റേഷൻ കാർഡ് നമ്പർ (നിർബന്ധം) | | APL | BPL |
| 10 | അപേക്ഷകൻ താമസിക്കുന്ന തദ്ദേശ ഭരണ പ്രദേശം (ഗ്രാമ പഞ്ചായത്ത്) | | | |
| 11 | നിയമസഭാ മണ്ഡലം | | | |
| 12 | ബാർബർഷോപ്പ് സ്ഥിതി ചെയ്യുന്ന തദ്ദേശ ഭരണ സ്ഥാപനം | | | |
| 13 | തദ്ദേശ ഭരണസ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ് നമ്പർ | | | |
| 14 | എത്ര വർഷമായി ടി ജോലി ചെയ്യുന്നു | | | |
| 15 | കടയിൽ നിലവിലെ സീറ്റുകളുടെ എണ്ണം | | | |
| 16 | സ്വന്ത കെട്ടിടമോ /വാടക കെട്ടിടമോ | | | |

| | | |
|---|---|---|
| 17 | കെട്ടിട നമ്പർ | |
| 18 | കുടുംബാംഗങ്ങളുടെ എണ്ണം<br>(റേഷൻ കാർഡിന്റെ പകർപ്പ് വയ്ക്കണം) | |
| 19 | കുടുംബത്തിൽ ഭിന്നശേഷി ഉള്ളവർ ഉണ്ടോ | |
| 20 | ഉണ്ടെങ്കിൽ ശേഷിയുടെ തരം | |
| 21 | കുടുംബത്തിൽമാരക രോഗങ്ങൾ ബാധിച്ചവർ ഉണ്ടോ | |
| 22 | ഉണ്ടെങ്കിൽരോഗം/വിശദാംശം | |
| 23 | ബാർബർഷോപ് സ്ഥിതി ചെയ്യുന്നത് 2018- ൽപ്രളയം ബാധിച്ച പ്രദേശത്താണോ ? | |

<u>സത്യപ്രസ്താവന</u>

അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ സത്യമാണെന്നും, എനിക്കോ എന്റെ കുടുംബാംഗങ്ങൾക്കോ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നോ, ഇതര സ്ഥാപനങ്ങളിൽ നിന്നോ ഇതേ ആവശ്യത്തിന് ആനുകൂല്യമൊന്നും തന്നെ ലഭ്യമായിട്ടില്ലായെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി : അപേക്ഷകന്റെ പേരും, ഒപ്പം

==========================================================================

<u>മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് ഉപയോഗത്തിന്</u>

തീയതി

സ്ഥലം (ഓഫീസ്സീൽ) **മേഖലാ ഡെപ്യൂട്ടിഡയറക്ടർ**

==========================================================================

<u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ</u>

ജാതി സർട്ടിഫിക്കറ്റ് , വരുമാനസർട്ടിഫിക്കറ്റ് ,തൊഴിൽ പരിചയസർട്ടിഫിക്കറ്റ് (ഗ്രാമ പഞ്ചായത്തു പ്രസിഡന്റിൽ നിന്നോസെക്രട്ടറിയിൽനിന്നോ വാങ്ങാവുന്നതാണ്), റേഷൻ കാർഡിന്റെ പകർപ്പ്, സ്ഥാപനത്തിന്റെ ഉൾഭാഗം വ്യക്തമായി കാണുന്ന വിധത്തിലുള്ള നിലവിലെ ഫോട്ടോ, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡിന്റെ പകർപ്പ്, കടയുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെ / വാടക ചീട്ടിന്റെ പകർപ്പ്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസിന്റെ പകർപ്പ്, അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്

# ഗ്രാമ പഞ്ചായത്തിന്റെ ശിപാർശ

.................................................................................ഗ്രാമപഞ്ചായത്തിൽ...................................... ................. നമ്പരായി പ്രവർത്തിക്കുന്ന ബാർബർഷോപ്പിന്റെ ഉടമ ശ്രീ .............................................................................. നെ സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെബാർബർഷോപ്പ് നവീകരണ പദ്ധതിക്കുള്ളഗുണഭോക്താവായി ശിപാർശ ചെയ്യുന്നു.

തീയതി

സെക്രട്ടറിയുടെ ഒപ്പും
ഡെസിഗ്നേഷൻ സീലും

സ്ഥലം

(ഓഫീസ് സീൽ)

## തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡവും മാർക്കും

| | |
|---|---|
| ബി .പി .എൽ കുടുംബം | -20 |
| രണ്ടു പെൺകുട്ടികൾ ഉള്ള കുടുംബം | -10 |
| രണ്ടിൽ കൂടുതൽപെൺകുട്ടികൾ | -10 |
| മൂന്നു സീറ്റിൽ താഴെ ( ബാർബർഷോപ്പിൽ ) | -15 |
| ഭിന്നശേഷി ഉള്ളവർ | -20 |
| 10-15 വർഷത്തെ പ്രവൃ 1 പരിചയം | -6 |
| 16-20 വർഷത്തെ പ്രവൃത്തി പരിചയം | -9 |
| 20 വർഷത്തിനുമേൽ | -10 |

**(ഒന്നിലേറെ പേർക്ക് തുല്യ മാർക്ക് കിട്ടുകയാണെങ്കിൽ കുടുംബ വാർഷിക വരുമാനം കുറഞ്ഞവർക്ക് മുൻഗണന)**